Malayala Manorama 10-1-19, p-02



നാഗാലാൻഡിലെ ഫെക്ക് ജില്ലയിൽ മലയാളി ഗവേഷകസംഘം കണ്ടെത്തിയ 'ഗ്ലോബ കാഞ്ചിഗാന്ധി' സസ്യം.

# നാഗാലാൻഡ് മലനിരകളിൽ പുതിയ സസ്യം

ഇരിങ്ങാലക്കുട • നാഗാലാൻഡിലെ മലനിരകളിൽ ഗവേഷക സംഘം പുതിയ സസ്യത്തെ കണ്ടെത്തി. 'ഗ്ലോബ കാഞ്ചിഗാന്ധി' എന്ന് പേര് നൽകിയ സസ്യത്തെയാണ് സെന്റ് ജോസഫ്സ് കോളജിലെ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രഫസർ ഡോ. ആൽഫ്രഡ് ജോ, കാലിക്കറ്റ് സർവകലാശാല സസ്യശാസ്ത്ര വിഭാഗം പ്രഫസർ ഡോ. എം. സാബു, കോഴിക്കോട് ഗുരുവായൂരപ്പൻ കോളജിലെ അസിസ്റ്റന്റ് പ്രഫസർ ഡോ. ഇ. സനോജ്, പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലെ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രഫസർ ഡോ. വി.പി. തോമസ് എന്നിവരടങ്ങുന്ന സംഘം കണ്ടെത്തിയത്.

ഇഞ്ചി, മഞ്ഞൾ എന്നിവ ഉൾപ്പെടുന്ന സിഞ്ചിബറേസിയ കുടുംബത്തിൽ ഉൾപ്പെടുന്നതാണ് ഫെക്ക് ജില്ലയിൽ നിന്ന് കണ്ടെത്തിയ പുതിയ സസ്യം. അമേരിക്കയിലെ ഹാർവഡ് സർവകലാശാലയിലെ സീനിയർ നോമൻ ക്ലേച്ചർ റജിസ്ട്രാർ കാഞ്ചി എൻ. ഗാന്ധിയോടുള്ള ആദരസൂചകമായിട്ടാണ് സസ്യത്തിന് 'ഗ്ലോബ കാഞ്ചിഗാന്ധി' എന്ന പേര് നൽകിയത്. കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഗവേഷണം നടന്നത്. രാജ്യാന്തര ജേർണലായ 'തായ്‌വാനിയ' പുതിയ ലക്കത്തിൽ സസ്യത്തിന്റെ കണ്ടെത്തൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.